# നബി ﷺ യുടെ റമദാനിലെ ഇബാദത്തുകൾ

അബൂ അബ്ദില്ല

അല്ലാഹു സത്യവിശ്വാസികൾക്ക് അനുഗ്രഹമായി പുണ്യങ്ങൾ വാരിക്കൂട്ടാൻ ചില സീസണുകൾ നിശ്ചയിച്ചിട്ടുണ്ട്.അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് റമദാൻ. റമദാനിന്റെ ആഗമനം യഥാർത്ഥ സത്യവിശ്വാസിക്ക് വലിയ സന്തോഷമുണ്ടാക്കുന്നതും, അവൻ വലിയ ആഗ്രഹത്തോടെയും പ്രതീക്ഷയോടെയും കാത്തിരിക്കുന്നതുമാണ്.മഹാന്മാരായ മുൻഗാമികൾ റമദാനിൽ ജീവിക്കാനുള്ള ആഗ്രഹത്താൽ അതിനുള്ള തൗഫീഖിന് വേണ്ടി പ്രാർത്ഥിക്കുന്നവരായിരുന്നു.വ്യത്യസ്തമായ സൽകർമ്മങ്ങൾ കൊണ്ടും, പുണ്യ പ്രവർത്തനങ്ങളെ കൊണ്ടും, അല്ലാഹുവിലേക്ക് അടുക്കാനുള്ള ഇബാദത്തുകളുടെ അനുഗ്രഹീതമായ മാസമാകുന്നു റമദാൻ.

റമദാനിൽ ഇബാദത്തുകൾ വർദ്ധിപ്പിക്കുക നബി ﷺ യുടെ ചര്യയായിരുന്നു.മാത്രമല്ല അവിടുത്തെ അനുചരന്മാരെ ഈ മാസത്തിൽ ഇബാദത്തുകളും സൽകർമ്മങ്ങളും വർദ്ധിപ്പിക്കാൻ അദ്ദേഹം പ്രോത്സാഹിപ്പിക്കുമായിരുന്നു.അബൂ ഹുറൈറ (റ) നിവേദനം ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം.

عَنْ أَبِي هُرَيرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيه وَسَلَّمَ: إِذَا كَانَ أَوَّلُ لَيلَةٍ من شَهرِ رَمَضَانَ صُفِّدَت الشَّيَاطِينُ،وَمَرَدَةُ الجنِّ،وَغُلِّقَت أَبوَابُ النَّارِ،فَلَم يُفتَح منهَا بَابٌ،وَفُتِّحَت أَبوَابُ الجَنَّة،فَلَم يُغلَق منهَا بَابٌ،وَيُنَادِي مُنَادٍ: يَا بَاغِيَ الخَيرِ أَقْبِلْ،وَيَا بَاغِيَ الشَّرِ أَقْصِرْ،وَلِلَّهِ عُتَقَاءُ مِن النَّارِ،وَذَلِكَ كُلَّ لَيلَةٍ. (رواه الترمدي 682) (وابن ماجة 1642) (وحسنه الشيخ الألباني في صحيح الجامع 759)

റസൂൽ ﷺ പറഞ്ഞു: റമദാൻ മാസത്തിലെ ആദ്യ രാത്രിയായാൽ പിശാചുക്കളും, ജിന്നുകളുടെ കൂട്ടത്തിലെ ധിക്കാരികളും ബന്ധിക്കപ്പെടുകയും, നരകത്തിലെ വാതിലുകൾ കൊട്ടിയടക്കപ്പെടുകയും ചെയ്യും. അതിന്റെ ഒരു വാതിലും തുറക്കപ്പെടുകയില്ല.സ്വർഗത്തിന്റെ വാതിലുകൾ തുറക്കപ്പെടും.അതിന്റെ ഒരു വാതിലും അടക്കപ്പെടുകയില്ല.എല്ലാ രാത്രിയിലും വിളിച്ച് പറയുന്നവൻ വിളിച്ച് പറയും:'ഹേ നന്മ ആഗ്രഹിക്കുന്നവനേ നീ മുന്നോട്ട് വരിക.ഹേ തിന്മ ആഗ്രഹിക്കുന്നവനേ നീ (തിന്മകൾ) കുറയ്ക്കുക.നരകത്തിൽ നിന്ന് മോചിതരാക്കപ്പെടുന്നവർ അല്ലാഹുവിനുണ്ട്.അത് എല്ലാ രാത്രികളിലുമുണ്ടാകും.(റമദാനിലെ എല്ലാ രാത്രികളിലും അല്ലാഹു നരകത്തിൽ നിന്ന് ആളുകളെ മോചിപ്പിച്ച് കൊണ്ടിരിക്കും) (തിർദിമി)

ഇവിടെ റമദാനിൽ പുണ്യം വാരിക്കൂട്ടാൻ ആഗ്രഹിക്കുന്നവർ ഉദ്ദേശ ശുദ്ധി ഉറപ്പ് വരുത്തി പ്രവർത്തിക്കാൻ തയ്യാറെടുക്കുമ്പോൾ അവർ മനസ്സിലാക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യമാണ് മുതാബഅത്തു റസൂൽ (റസൂലിനെ പിന്തുടരൽ).പുണ്യം കിട്ടാനുള്ള ആഗ്രഹത്തിൽ അമലുകൾ തോന്നിയത്,ഇഷ്ടമുള്ള രൂപത്തിൽ,ഉദ്ദേശിക്കുന്നയത്ര ചെയ്യൽ തീർത്തും തെറ്റാണ്. അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിക്കുമ്പോൾ തന്നെ അമലുകൾ സ്വീകരിക്കപ്പെടാൻ അനിവാര്യമായും ഉണ്ടാകേണ്ട നിബന്ധനയാണ് ഇസ്‌ലാമിൽ പ്രാമാണികമായി സ്ഥിരപ്പെട്ട കാര്യങ്ങളേ പുണ്യം പ്രതീക്ഷിച്ച് ചെയ്യാവൂ എന്ന കാര്യം.

റമദാനിൽ റസൂൽ ﷺഎന്തൊക്കെ ചെയ്തു, എപ്പോൾ ചെയ്തു, എത്ര ചെയ്തു, ഏത് രൂപത്തിൽ ചെയ്തു എന്ന് പരലോക മോക്ഷം ആഗ്രഹിക്കുന്ന സത്യവിശ്വാസി അറിയൽ അനിവാര്യമാണ്.റസൂൽ ﷺ യുടെ റമദാനിലെ ഇബാദത്തുകൾ വളരെ സംക്ഷിപ്തമായി വിശദീകരിക്കുകയാണിവിടെ. പുണ്യം പ്രതീക്ഷിച്ച് മതത്തിൽ സ്ഥിരപ്പെടാത്ത നിരവധി കാര്യങ്ങൾ റമദാനിൽ ചെയ്ത് കൂട്ടുന്ന ധാരാളം അറിവില്ലാത്തവരും, ബിദ്അത്തിന്റെ ആളുകളും വർദ്ധിച്ചിട്ടുള്ള വർത്തമാന സാഹചര്യത്തിൽ ഈ വിഷയത്തിന്റെ പ്രസക്തി വർദ്ധിക്കുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

## 1.صَوْمُ رَمَضَانَ

## 1.റമദാനിലെ നോമ്പ്

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാന്ന് റമദാനിലെ നോമ്പ് എന്നത് നാം മനസ്സിലാക്കിയതാണ്.റസൂൽ ﷺ പറഞ്ഞ സുപരിചിതമായ ഹദീസ്.

بُنِيَ الإِسْلاَمُ عَلَى خَمْسٍ شَهَادَةِ أَن لاَ إِلَهَ إِلاَّ اللهُ وَأَنَّ مُحَمَّدًا رَسُولُ اللهِ، وَإِقَامِ الصَّلاَةِ، وَإِيتَاءِ الزَّكَاةِ، وَالحَجِّ، وَصَومِ رَمَضَانَ (رواه البخاري ومسلم)

ഇബ്നു ഉമർ (റ) നിവേദനം നബി ﷺ പറഞ്ഞു: ഇസ്‌ലാം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് അഞ്ച് കാര്യങ്ങളിലാണ്.അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാകുന്നു എന്ന സാക്ഷ്യ വചനം, നമസ്കാരം മുറപോലെ നിലനിർത്തൽ,സകാത്ത് നൽകൽ,ഹജ്ജ് നിർവഹിക്കൽ,റമദാനിൽ നോമ്പ് നോൽക്കൽ (ബുഖാരി,മുസ്‌ലിം)

റമദാനിലെ നോമ്പിനെ കുറിച്ച് അല്ലാഹു പറഞ്ഞു:

فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ ...(سورة البقرة 185)

"ആയതിനാൽ നിങ്ങളിൽ ആരെങ്കിലും ആ (റമദാൻ) മാസത്തിൽ സന്നിഹിതരായാൽ അവൻ (ആ മാസം) നോമ്പെടുക്കട്ടെ..'' (അൽ ബഖറ:185)

عَنْ أَبِي هُرَيرَةَ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيهِ وَسَلَّمَ:

أَتَاكُمْ شَهْرُ رَمَضَانَ، شَهْرٌ مُبَارَكٌ فَرَضَ اللهُ عَلَيكُمْ صِيَامَهُ (رواه النسائي)

അബൂ ഹുറൈറ (റ) നിവേദനം അദ്ദേഹം പറഞ്ഞു: റസൂൽﷺ പറഞ്ഞു: നിങ്ങളിലേക്ക് അനുഗ്രഹീത മാസമായ റമദാൻ മാസം വന്നെത്തിയിരിക്കുന്നു.അതിലെ നോമ്പ് അല്ലാഹു നിങ്ങളുടെ മേൽ നിർബന്ധമാക്കിയിട്ടുണ്ട്. (നസാഇ)

നിരവധി മഹത്വങ്ങളും പ്രത്യേകതകളുമുള്ള മഹത്തായ ഇബാദത്താണ് വ്രതാനുഷ്ഠാനം. ദൈർഘ്യം ഭയന്ന് കൂടുതൽ പറയുന്നില്ല. ഒരു പ്രത്യേകത മാത്രം ഇവിടെ പറയാം...

عن أبي أمامة الباهلي رضي الله عنه قال: قُلتُ يَا رَسُولَ اللهِ مُرْنِي بِأَمْرٍ يَنْفَعُنِي اللهُ بِهِ، قَالَ: عَلَيْكَ بِالصَّوْمِ فَإِنَّهُ لاَ مِثْلَ لَهُ (رواه أحمدوالنسائي وصححه الألباني)

അബൂ ഉമാമ അൽ ബാഹിലി (റ) പറഞ്ഞു: ഞാൻ ചോദിച്ചു: അല്ലാഹുവിൻറെ ദൂതരേ.... അല്ലാഹു എനിക്ക് ഉപകാരം ചെയ്യുന്ന ഒരു കാര്യം എന്നോട് കൽപ്പിച്ചാലും. റസൂൽ ﷺ പറഞ്ഞു: നീ നോമ്പ് നോൽക്കുക.കാരണം തീർച്ചയായും അതിന് തുല്യമായ ഒന്നുമില്ല. (അഹ്മദ്,നസാഇ)

ഇനി റമദാനിലെ നോമ്പിന് പ്രത്യേകം മഹത്വം പഠിപ്പിക്കപ്പെട്ടിട്ടുണ്ട്.

قال النبي صلى الله عليه وسلم: مَنْ صَامَ رَمَضَانَ إِيمَانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ (متفق عليه)

**നബി ﷺ പറഞ്ഞു: ആരെങ്കിലും റമദാനിൽ വിശ്വാസത്തോടെയും പ്രതിഫലം ആഗ്രഹിച്ച് കൊണ്ടും നോമ്പെടുത്താൽ അവൻറെ മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും. (ബുഖാരി,മുസ്‌ലിം)**

**ഏറ്റവും മഹത്തായ് നോമ്പ് റമദാനിലെ നോമ്പാകുന്നു. എന്ന് താഴെയുള്ള ഹദീസിൽ നിന്ന് മനസ്സിലാക്കാം.**

عَنْ أَبِي هُرَيرَةَ رَضِيَ اللهُ عَنهُ قَالَ:قَالَ رَسُولُ اللهِ صَلَّى اللهُ عَلَيه وَسَلَّمَ أَفْضَلُ الصِّيَامِ بَعْدَ رَمَضَانَ شَهْرُ اللهِ الْمُحَرَّمُ وَأَفْضَلُ الصَّلَاةِ بَعْدَ الفَرِيضَةِ صَلَاةُ اللَّيْلِ (رواه مسلم1163)

**അബൂ ഹുറൈറ (റ) നിവേദനം: റസൂൽ ﷺ പറഞ്ഞു: റമദാൻ നോമ്പിനു ശേഷം ഏറ്റവും മഹത്തായ നോമ്പ് മുഹറം മാസത്തിലെ നോമ്പാകുന്നു. (മുസ്‌ലിം)**

## 2. قِيَامُ رَمَضَانَ

## 2.റമദാനിലെ രാത്രി നമസ്കാരം

**രാത്രി നമസ്കാരത്തിനും ധാരള കണക്കിന് മഹത്വങ്ങൾ പ്രമാണങ്ങൾ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്.**

وَأَفْضَلُ الصَّلَاةِ بَعْدَ الفَرِيضَةِ صَلَاةُ اللَّيْلِ . (رواه مسلم)

**നബി ﷺ പറഞ്ഞു: നിർബന്ധ നമസ്കാരം കഴിഞ്ഞാൽ ഏറ്റവും മഹത്തായ നമസ്കാരം രാത്രി നമസ്കാരമാകുന്നു.(മുസ് ലിം)**

**റമദാനിലെ രാത്രി നമസ്ക്കാരത്തിന് പ്രത്യേകം മഹത്വം ഹദീസിൽ കാണാം.**

قَالَ النَّبِيُّ صَلَّى اللهُ عَلَيهِ وَسَلَّمَّ: مَنْ قَامَ رَمَضَانَ إِيمَانًا وَاحتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ (متفق عليه)

ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലം ആഗ്രഹിച്ച് കൊണ്ടും റമദാനിൽ (രാത്രി) നമസ്കരിച്ചാൽ അവന് മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും.(ബുഖാരി, മുസ് ലിം)

قَالَ مُحَمَّدُ صَالِحُ العُثَيمِينِ رَحِمَهُ اللهُ: وَمَعْنَى قَوْلِه:(إِيمَانًا): أَي إِيمَانًا بِاللهِ وَبِمَا اعَدَّهُ اللهُ مِنَ الثَّوَابِ لِلقَائِمِينَ.وَمَعْنَى قَوْلِهِ (احْتِسَابًا):أَي طَلَبًا لِثَوَابِ اللهِ لَمْ يَحْمِلْهُ عَلَى ذَلِكَ رِيَاءٌ وَلاَ سُمْعَةٌ.(مجالس شهر رمضان 20)

ഇബ്നു ഉസൈമീൻ (റ) പറഞ്ഞു:ഈമാൻ എന്നതിന്റെ അർത്ഥം അഥവ അല്ലാഹുവിലും അവൻ നമസ്കാരക്കാർക്ക് ഒരുക്കി വെച്ചിട്ടുള്ള പ്രതിഫലത്തിൽ വിശ്വസിച്ച് കൊണ്ടും എന്നാണ്..

പ്രതിഫലേഛ എന്നതിന്റെ അർത്ഥം അല്ലാഹുവിന്റെ പ്രതിഫലം തേടി കൊണ്ട്, ലോകമാന്യതയോ ,കീർത്തിയോ അവനെ അതിന് പ്രേരിപ്പിക്കാതെ.. എന്നാണ്...

ഇമാമിന്റെ കൂടെ പൂർത്തിയായി നമസ്കരിച്ചാൽ അവന് വലിയ നേട്ടമാണ് ലഭിക്കുക. റസൂൽﷺ പറയുന്നത് നോക്കൂ..

عَن أَبِي ذَرٍّ رَضِيَ اللهُ عَنهُ قَالَ رَسُولُ اللهِ صلى الله عليه وسلم إِذَا صَلَّى مَعَ الإِمَامِ حَتَّى يَنْصَرِفَ كُتِبَ لَهُ قِيَامُ لَيْلَةٍ (صحيح ابن خزيمة)

അബൂദർ (റ) നിവേദനം:നബി ﷺ പറഞ്ഞു: ഇമാം പിരിഞ്ഞ് പോകുവോളം ഒരാൾ ഇമാമിൻറെ കൂടെ (ജമാഅത്തായി തറാവീഹ്) നമസ്കരിച്ചാൽ ആ രാത്രി മുഴുവൻ നമസ്കരിച്ച പ്രതിഫലം അവന്നു ലഭിക്കുന്നതാണ്..(സ്വഹീഹ് ഇബ്നി ഖുസൈമ)

# 3. مُدَارَسَةِ الْقُرْآنِ

## 3. ഖുർആൻ പഠനം

വിശുദ്ധ ഖുർആൻ ഇറങ്ങിയ മാസമായ റമദാനിൽ ഖുർആൻ പാരായണത്തിനും പഠനത്തിനും കൂടുതൽ പ്രത്യേകതളുണ്ട്. ജിബ്രീൽ(അ) റസൂലിന്റെ മനപാഠം പരിശോധിക്കാറുള്ളത് റമദാനിലെ രാത്രികളിലായിരുന്നു എന്ന് ഹദീസിൽ വന്നിട്ടുണ്ട്.

ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം.

وَكَانَ جِبْرِيلُ حِينَ يَلْقَاهُ كُلَّ لَيْلَةٍ مِنْ رَمَضَانَ فَيُدَارِسُهُ الْقُرْآنَ (متفق عليه)

റമദാനിലെ എല്ലാ രാത്രിയിലും ജിബ്രീൽ റസൂലിനെ അഭിമുഖീകരിക്കുകയും റസൂൽ ﷺ അദ്ദേഹത്തിന് ഖുർആൻ (മനപാഠമുള്ളത് ) ഓതി കൊടുക്കുകയും ചെയ്യുമായിരുന്നു..(ബുഖാരി, മുസ് ലിം)

ഈ ഹദീസിനെ വിശദീകരിച്ച് കൊണ്ട് ഇബ്നു റജബ് അൽ ഹമ്പലി(റ) പറഞ്ഞു:

دَلَّ الحَدِيثُ عَلَى اسْتِحْبَابِ دِرَاسَةِ القُرْآنِ فِي رَمَضَانَ وَالاجْتِمَاعِ عَلَى ذَلِكَ، وَعَرْضِ القُرْآنِ عَلَى مَنْ هُوَ أَحْفَظُ لَهُ، وَفِيهِ دَلِيلٌ عَلَى اسْتِحْبَابِ الإِكْثَارِ مِنْ تِلاَوَةِ القُرْآنِ فِي شَهْرِ رَمَضَانَ وَخَاصَةً لَيْلاً، لأَنَّ فِي حَدِيثِ ابنِ عَبَّاسٍ–رَضِيَ اللهُ عَنْهُمَا أَنَّ المُدَارَسَةَ كَانَتْ لَيْلاً (لطائف المعارف ص 246)

റമദാനിൽ ഖുർആൻ പഠിക്കലും ,അതിന് വേണ്ടി ഒരുമിച്ച് കൂടലും,

തന്നേക്കാൾ മനപാഠമുള്ളവന് ഖുർആൻ ഓതികേൾപ്പിച്ച് കൊടുക്കലും സുന്നത്താണന്ന് ഈ ഹദീസ് അറിയിച്ചിട്ടുണ്ട്.. റമദാൻ മാസത്തിൽ ഖുർആൻ പാരായണം വർധിപ്പിക്കൽ, പ്രത്യേകിച്ച് രാത്രിയിൽ സുന്നത്താണന്നും ഈ ഹദീസിൽ തെളിവുണ്ട്.. കാരണം ഇബ്നു അബ്ബാസ് (റ)വിന്റെ ഹദീസിൽ (പരസ്പരമുള്ള ) ഖുർആൻ പഠനം രാത്രിയിലായിരുന്നു.

## 4. الدُّعَاءُ وَالذِّكْرُ

## 4.പ്രാർത്ഥനയും ദിക്റും

സത്യവിശ്വാസിക്ക് ജീവിതത്തിന്റെ ഒരു സന്ദർഭത്തിലും ഒഴിച്ച് കൂടാൻ പറ്റാത്ത കാര്യങ്ങളാണ് പ്രാർത്ഥനയും അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയും. റമദാനിൽ കൂടുതൽ വർധിപ്പിക്കേണ്ട കാര്യങ്ങളാണിവ എന്നതിൽ സംശയമില്ല.

عَنْ أَبِي هُرَيرَةَ رَضِيَ اللهُ عَنهُ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيهِ وَسَلَّمَ: ثَلاَثُ دَعَوَاتٍ مُستَجَابَاتٍ: دَعوَةُ الصَّائِمِ، وَدَعوَةُ المَظلُومِ، وَدَعوَةُ المُسَافِرِ

(رواه البيهقي والطبراني وصححه الألباني)

അബൂഹുറൈറ(റ) നിവേദനം റസൂൽ ﷺ പറഞ്ഞു: ഉത്തരം കിട്ടുന്ന മൂന്ന് പ്രാർത്ഥനകളാകുന്നു (ഒന്ന്) നോമ്പുകാരന്റെ പ്രാർത്ഥന, (രണ്ട്) പീഠിതന്റെ പ്രാർത്ഥന,( മൂന്ന്) യാത്രക്കാരന്റെ പ്രാർത്ഥന. (ബൈഹഖി)

### ചില പ്രാർത്ഥനകളും ദിക്റുകളും

### മാസപ്പിറവി കണ്ടാലുള്ള പ്രാർത്ഥന

أَللَّهُمَّ أَهِلَّهُ عَلَينَا بِالأَمنِ وَالإِيمَانِ، وَالسَّلَامَةِ وَالإِسلاَمِ، رَبِّي وَرَبُّكَ الله

(صححه الألباني في سنن الترمدي 3401 وفي السلسلة الصحيحة 1816)

അല്ലാഹുവേ! നീ ഞങ്ങളുടെ മീതെ ഈ ചന്ദ്രമാസത്തെ ഉദിപ്പിക്കുന്നത് (ഈ മാസംതുടക്കം കുറിക്കുന്നത്) നിർഭയത്വവും ഈമാനും സമാധാനവും ഇസ്‌ലാമും കൊണ്ടാക്കേണമേ. എൻറെ സൃഷ്ടാവും സംരക്ഷകനുമായ റബ്ബും നിൻറെ (ചന്ദ്രൻറെ) സൃഷ്ടാവും സംരക്ഷകനുമായ റബ്ബും അല്ലാഹു തന്നെയാണ്.

## നോമ്പ് തുറപ്പിച്ച വീട്ടുകാർക്കു വേണ്ടിയുള്ള പ്രാർത്ഥന

أَفْطَرَ عِنْدَكُم الصَّائِمُونَ وَأَكَلَ طَعَامَكُمْ الأَبْرَارُ، وَصَلَّتْ عَلَيْكُمُ المَلائِكَةُ

(صححه الألباني في سنن ابن ماجة 1848 وفي سنن أبي داود 8354)

നോമ്പുകാർ നിങ്ങളുടെയടുക്കൽ നോമ്പ് തുറക്കുകയും, സദ്‌വൃത്തർ നിങ്ങളുടെയടുക്കൽ ഭക്ഷണം കഴിക്കുകയും ചെയ്തു; മലക്കുകൾ നിങ്ങൾക്ക് അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യട്ടെ.

## വിത്‌റിൽ നിന്ന് സലാം വീട്ടിയ ഉടനെയുള്ള പ്രാർത്ഥന

سُبْحَانَ المَلِكِ القُدُّوس (ثلاثا) (صححه الألباني في سنن أبي داود 143 وفي سنن النسائي 175)

പരമാധികാരവും, അതിവിശുദ്ധിയും ഉള്ളവനായ അല്ലാഹുവിനെ ഞാൻ പരിശുദ്ധപ്പെടുത്തുന്നു (മൂന്ന് തവണ ചൊല്ലുക, മൂന്നാമത്തെ തവണയിൽ ശബ്ദമുയർത്തി ചൊല്ലുക).

## അവസാന പത്തിൽ ലൈലത്തുൽ ഖദ്‌റിനെ പ്രതീക്ഷിക്കുന്ന സമയത്ത് ചൊല്ലേണ്ട പ്രാർത്ഥന

أَللَّهُمَّ إِنَّكَ عَفُوٌّ تُحِبُّ العَفْوَ فَاعْفُ عَنِّي (الترمدي)

അല്ലാഹുവേ, തീർച്ചയായും നീ ധാരളമായി മാപ്പ് നൽകുന്നവനും വിട്ടുവീഴ്ച ഇഷ്ടപ്പെടുന്നവനുമാണ്.. അതിനാൽ എനിക്ക് മാപ്പ് (വിട്ടു വീഴ്ച) നൽകേണമേ.

## 5. كَثْرَةُ الإِنْفَاقِ فِي سَبِيلِ اللهِ

## 5.അല്ലാഹുവിന്റെ മാർഗത്തിൽ ധാരളമായി സമ്പത്ത് ചിലവഴിക്കൽ

ദാന ധർമ്മത്തിന്റെ വിഷയത്തിൽ റസൂൽ ﷺ തുല്ല്യതയില്ലാത്തവനായിരുന്നുവെന്ന് അദ്ദേഹത്തിന്റെ പത്ത് വർഷത്തെ സേവകനായിരുന്ന മഹാനായ സ്വഹാബി അബൂ ഹംസ അനസ് ബ്നു മാലിക് (റ) തന്നെ പറയുന്നത് ഇമാം ബുഖാരിയും മുസ് ലിമും ഉദ്ധരിക്കുന്ന ഹദീസിൽ വന്നിട്ടുണ്ട്.

عَنْ أَنَسٍ رَضِيَ اللهُ عَنْهُ قَالَ: كَانَ رَسُولُ اللهِ صَلَّى اللهِ عَلَيهِ وَسَلَّمَ أَحْسَنَ النَّاسِ وَأَشْجَعَ النَّاسِ وَأَجْوَدَ النَّاسِ (البخاري 2820 ومسلم 2307)

റസൂൽ ﷺ ജനങ്ങളിൽ ഏറ്റവും നല്ലവനും, ജനങ്ങളിൽ ഏറ്റവും ധൈര്യശാലിയും, ജനങ്ങളിൽ ഏറ്റവും ഔദാര്യവാനുമായിരുന്നു. (ബുഖാരി, മുസ്ലിം)

റമദാനിൽ ദാനധർമ്മം ചെയ്യുന്നതിൽ റസൂൽ ﷺ വളരെ ആവേശം കാണിച്ചിരുന്നു.

عن ابن عباس رضي الله عنهما قال: كَانَ رَسُولُ اللهِ صَلَّى اللهُ عَلَيهِ وَسَلَّمَ أَجْوَدَ النَّاسِ وَكَانَ أَجْوَد مَا يَكُونُ فِي رَمَضَانَ حِينَ يَلْقَاهُ جِبْرِيلُ، وَكَانَ يَلْقَاهُ فِي كُلِّ لَيْلَةٍ مِنْ رَمَضَانَ، فَيُدَارِسُهُ القُرْآنَ، فَلَرَسُولُ اللهِ صَلَّى اللهُ عَلَيهِ وَسَلَّمَ أَجْوَدُ بِالخَيرِ مِنْ الرِّيحِ

الْمُرْسَلَةِ (البخاري)

ഇബ്നു അബ്ബാസ് (റ) നിവേദനം. നബി ﷺ ഏറ്റവും ഔദാര്യം ചെയ്യുന്നവനായിരുന്നു. റമദാനിൽ ജിബ്രീൽ റസൂൽ ﷺ യെ കണ്ടുമുട്ടുന്ന വേളയിൽ ഏറ്റവും ഔദാര്യവനായിയുരുന്നു. റമദാനിലെ എല്ലാ രാത്രിയിലും ജിബ്രീൽ റസൂൽ ﷺ യെ വന്ന് കാണുകയും റസൂൽ ﷺ അദ്ദേഹത്തിന് ഖുർആൻ ഓതി കൊടുക്കുകയും ചെയ്യാറുണ്ട്. തീർച്ചയായും റസൂൽ(സ) (റമദാനിൽ ) നിലക്കാത്ത കാറ്റിനേക്കാൾ വേഗതയിൽ ധർമ്മം ചെയുന്നവനായിരുന്നു.(ബുഖാരി)

## 6.عُمْرَةٌ فِي رَمَضَانَ

## 6.റമദാനിലെ ഉംറ

റസൂൽ ﷺ റമദാനിൽ ഉംറ ചെയിതിട്ടിലെങ്കിൽ കൂടി റമദാനിൽ ഉംറ നിർവഹിക്കുന്നതിനെ പ്രോൽസാഹിപ്പിച്ചിട്ടുണ്ട്.

قَالَ رَسُولُ اللهِ صَلَّى اللهُ علَيهِ وَسَلَّمَ: عُمْرَةٌ فِي رَمَضَانَ تَعْدِلُ حَجَّةً أَوْ حَجَّةً مَعِي (متفق عليه)

റമദാനിലെ ഉംറ ഹജ്ജിന് തുല്ല്യമാണ് (അല്ലെങ്കിൽ ) എന്റെ കൂടെ ഹജ്ജ് ചെയ്യുന്നതിന് തുല്ല്യമാണ്. (ബുഖാരി, മുസ് ലിം)

## 7.زِيَادَةُ الاجْتِهَادِ فِي العَشْرِ الأَوَاخِرِ

## 7.അവസാന പത്തിൽ ഇബാദത്ത് ചെയ്യുന്നതിൽ നന്നായി പരിശ്രമിക്കൽ.

റമദാനിൽ മറ്റു മാസങ്ങളേക്കാൾ റസൂൽ ﷺ അമലുകൾ ചെയ്യുന്ന വിഷയത്തിൽ കഠിന പരിശ്രമം ചെയ്യാറുള്ളതുപോലെ റമദാനിലെ

മൂന്ന് പത്തുകളിൽ അവസാനത്തെ പത്തിലാണ് ഏറ്റവും കൂടുതൽ ഇബാദത്തുകളിൽ പരിശ്രമം നടത്താറുള്ളത് എന്ന് ആയിശ (റ) പറയുന്നത് കാണാം.

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا أَنَّ النَّبِيَّ صَلَّى اللهُ عَلَيهِ وَسَلَّمَ كَانَ يَجْتَهِدُ فِي العَشْرِ الأَوَاخِرِ مَا لاَ يَجْتَهِدُ فِي غَيْرِه (مسلم)

ആയിശ(റ) വിൽ നിന്ന് അവർ പറഞ്ഞു: മറ്റു പത്തുകളിൽ ചെയ്യാത്ത (ഇബാദത്തിനുള്ള ) പരിശ്രമം അവസാനത്തെ പത്തിൽ നബി ﷺ ചെയ്യാറുണ്ടായിരുന്നു.( മുസ് ലിം))

قَالَتْ عَائِشَةُ رَضِيَ اللهُ عَنْهَا كَانَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ العَشْرُ شَدَّ مِئْزَرَهُ، وَأَحْيَا لَيْلَهُ، وَأَيْقَظَ أَهْلَهُ (متفق عليه)

ആയിശ(റ) പറഞ്ഞു: (അവസാനത്തെ) പത്ത് കടന്നു വന്നാൽ നബി ﷺ അരയുടുപ്പ് മുറുക്കിയെടുക്കും തന്റെ രാത്രിയെ ജീവിപ്പിക്കും, തന്റെ കുടുംബത്തെ ഉറക്കത്തിൽ നിന്ന് ഉണർത്തുകയും ചെയ്യുമായിരുന്നു. (ബുഖാരി, മുസ് ലിം)

അരയുടുപ് മുറുക്കി കെട്ടുക എന്നു പറഞ്ഞാൽ അമൽ ചെയ്യാൻ ഒരുങ്ങി തയ്യാറാകും എന്ന അർത്ഥത്തിലാണന്നും, ലൈംഗിക ബന്ധം നിർത്തിവെച്ച് ഇബാത്തിനു ഒരുങ്ങും എന്നൊക്കെ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

## 8.الاعْتِكَافُ

## 8. ഭജനമിരിക്കൽ

റമദാനിൽ നബി ﷺ ചെയ്യാറുള്ള ഒരു പ്രധാനപ്പെട്ട ഇബാദാത്താണ് പള്ളിയിൽ ഭജനമിരിക്കൽ.മറ്റു മാസങ്ങളിലെ ഏത് ദിവസങ്ങളിലും ഇഹ്തികാഫ് അനുവദനീയമാണങ്കിലും നബി ﷺ റമദാനിൽ ഇഹ്തികാഫ് ഇരിക്കാൻ പ്രത്യേകം ശ്രദ്ധകാണിച്ചിരുന്നുവെന്നും, മരണം വരെ അത് തുടർന്നു വന്നും പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا زَوْجِ النَّبِيِّ صَلَّى اللهُ عَلَيه وَسَلَّمَ: أَنَّ النَّبِيَّ صَلَّى اللهُ عَلَيهِ وَسَلَّمَ كَانَ يَعْتَكِفُ العَشْرَ الأَوَاخِرَ مِنْ رَمَضَانَ حَتَّى تَوَفَّاهُ اللهُ، ثُمَّ اعْتَكَفَ أَزْوَاجُهُ مِنْ بَعْدِه (رواه البخاري برقم 1922 ورواه مسلم برقم 1172)

ആയിശ(റ) വിൽ നിന്ന് നിവേദനം അവർ പറഞ്ഞു: റമദാനിന്റെ അവസാന പത്തിൽ നബി ﷺ മരിക്കുന്നത് വരെ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു.അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഭാര്യമാർ ഇഅ്തികാഫ് ഇരുന്നിട്ടുണ്ട്. (ബുഖാരി 1922, മുസ് ലിം 1172

## 9.السُّحُورُ

## 9.അത്താഴം കഴിക്കൽ

റമദാനിലെ നോമ്പിൽ എന്നല്ല എല്ലാ നോമ്പുകളിലുമുള്ള പ്രബലമായ സുന്നത്താണ് അത്താഴം കഴിക്കൽ.ഈ വിഷയത്തിൽ ചില ഹദീസുകൾ ഇവിടെ ചേർക്കുന്നു.

عَن عَمْرِو بنِ العَاصِ رَضِيَ اللهُ عَنهُ أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيهِ وَسَلَّمَ قَالَ: فَصْلُ مَا بَيْنَ صِيَامِنَا وَصِيَامِ أَهْلِ الكِتَابِ، أَكْلَةُ السَّحَرِ (أخرجه مسلم)

അംറ് ബ്ൻ ആസ് (റ) നിവേദനം നബി ﷺ പറഞ്ഞു: നമ്മുടെ നോമ്പും വേദക്കാരുടെ നോമ്പും തമ്മിലുള്ള വ്യത്യാസം അത്താഴം കഴിക്കലാണ്. (മുസ്‌ലിം)

عَنْ أَنَسِ بنِ مَالِكٍ رَضِيَ اللهُ عَنهُ قَالَ قَالَ النَّبِيُّ صَلَّى اللهُ عَلَيهِ وَسَلَّمَ: تَسَحَّرُوا فَإِنَّ فِي السَّحُورِ بَرَكَةً. (رواه البخاري 1923 ومسلم 1095)

അനസ് ബ്നു മാലിക്(റ) നിവേദനം നബി ﷺ പറഞ്ഞു: നിങ്ങൾ അത്താഴം കഴിക്കുക തീർച്ചയായും അത്താഴഭക്ഷണത്തിൽ ബറകത്തുണ്ട് (അനുഗ്രഹമുണ്ട്). (ബുഖാരി, മുസ് ലിം)

عَنْ جَابِرٍ عَنْ النَّبِيِّ صَلَّى اللهُ عَلَيهِ وَسَلَّمَ قَالَ: مَنْ أَرَادَ أَنْ يَصُومَ فَلْيَتَسَحَّرْ بِشَيْءٍ (رواه أحمد 14533 وصححه الألباني في السلسلة الصحيحة 2309)

ജാബിർ (റ) നിവേദനം നബി ﷺ പറഞ്ഞു: ആരെങ്കിലും നോമ്പ് നോൽക്കാൻ ഉദ്ദേശിച്ചാൽ അവൻ വല്ല ( ഭക്ഷണ സാധനങ്ങൾ കൊണ്ട് ) അത്താഴം കഴിക്കട്ടെ. (അഹ്മദ്)

عَنْ أَبِي سَعِيدٍ الخُدْرِيِّ قَالَ قَالَ رَسُولُ اللهِ صَلَّى اللهُ عَلَيهِ وَسَلَّمَ: السُّحُورُ أَكْلَةٌ بَرَكَةٌ فَلاَ تَدْعُوهُ وَلَوْ أَنْ يَجْرَعَ أَحَدُكُمْ جَرْعَةً مِنْ مَاءٍ فَإِنَّ اللهَ وَمَلاَئِكَتَهُ يُصَلُّونَ عَلَى المُتَسَحِّرِينَ (رواه أحمد 11003 وحسنه الألباني في صحيح الجامع 3683)

അബൂ സഈദ് അൽ ഖുദ്‌രി(റ) നിവേദനം: നബി ﷺ പറഞ്ഞു: അത്താഴം ബറകത്തുള്ള (അനുഗ്രഹീത) ഭക്ഷണമാണ്. നിങ്ങൾ അത് ഒഴിവാക്കരുത് വെള്ളത്തിൽ നിന്ന് ഒരു ഇറക്കെങ്കിലും നിങ്ങൾ

കുടിച്ചിട്ടാണങ്കിലും. (അത് നിങ്ങൾ ചെയ്യണം) തീർച്ചയായും മലക്കുകൾ അത്താഴം കഴിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കും. (അഹ്മദ്)

عَنْ أَبِي هُرَيرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيهِ وَسَلَّمَ: نِعْمَ سَحُورُ المُؤْمِنِ التَّمْرُ (رواه أبو داود 2345 وصححه الألباني في صحيح أبي داود)

അബൂഹുറൈറ(റ) നിവേദനം നബി ﷺ പറഞ്ഞു: കാരക്ക സത്യവിശ്വാസിയുടെ എത്ര നല്ല അത്താഴ ഭക്ഷണം.

## 10.تَفْطِيرُ الصَّائِمِينَ

## 10. നോമ്പുകാരനെ നോമ്പ് തുറപ്പിക്കൽ

നോമ്പ് നോൽക്കുന്നത് പോലെ നോമ്പ് തുറപ്പിക്കുന്നതും വലിയ പുണ്യകരമായിട്ടുളള കാര്യമായാണ് നബി ﷺ പഠിപ്പിച്ചിട്ടുളളത്.

عَنْ زَيْدِ بنِ خَالدٍ الجُهَنِيِّ قَالَ: قَالَ رَسُولُ اللهِ صَلَّى اللهِ عَلَيهِ وَسَلَّمَ: مَنْ فَطَّرَ صَائِمًا كَانَ لَهُ مِثْلُ أَجْرِهِ غَيْرَ أَنَّهُ لاَ يَنْقُصُ مِنْ أَجْرِ الصَّائِمِ شَيْئًا (صححه الألباني في صحيح الترمذي)

സൈദ് ബ്നു ഖാലിദ് അൽ ജുഹനി നിവേദനം നബി ﷺ പറഞ്ഞു: ആരെങ്കിലും നോമ്പുകാരെനെ നോമ്പുതുറപ്പിച്ചാൽ നോമ്പുകാരന്റെ പ്രതിഫലത്തിൽ ഒട്ടും കുറവ് വരാതെ നോമ്പ് തുറപ്പിച്ചവന് അവന്റെ (നോമ്പുകാരന്റെ ) അതേ പ്രതിഫലമുണ്ടാകും. (തിർമിദി)